തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കം

113 (1482) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ അനിയന്ത്രിതമായ വെള്ളപ്പൊക്കം കാരണം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കണ്ടെത്താൻ എന്തൊക്കെ പരിപാടികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) ഇവയ്ക്കുവേണ്ടി എന്ത് തുക ചെലവഴിച്ചു ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ഏത് സാഹചര്യത്തിലാണ് 'ഓപ്പറേഷൻ അനന്ത' നടപ്പിലാക്കാൻ തീരുമാനിച്ചത് ; തീരുമാനം ഏത് തലത്തിൽ കൈക്കൊണ്ടു എന്നും എന്നാണ് കൈക്കൊണ്ടതെന്നും വ്യക്തമാക്കാമോ ;

(ഡി) പദ്ധതിയുടെ മൊത്തം വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിൽ ഉണ്ടാകുന്ന വെള്ളപ്പൊക്കം പരിഹരിക്കുന്നതിനായി 'ഓപ്പറേഷൻ അനന്ത' എന്ന പേരിൽ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് 2005- ന്റെ വകുപ്പുകൾ അനുസരിച്ച് കൈയ്യേറ്റങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും പൊളിച്ചുമാറ്റുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. 26-5-2015-ലെ സ.ഉ.(എംഎസ്) നമ്പർ 175/2015/ത.സ്വ.ഭ.വ. സ.ഉ.(എംഎസ്)നമ്പർ 176/2015/ത.സ്വ.ഭ.വ ഉത്തരവുകൾ പ്രകാരം വെള്ളപ്പൊക്കം നിയന്ത്രണ വിധേയമാക്കാൻ നടപടികൾ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 'ഓപ്പറേഷൻ അനന്ത' നടപ്പിലാക്കുന്നതിനായി 10 കോടി രൂപ അനുവദിച്ചുകൊണ്ട് 20-5-2015-ലെ ജി.ഒ. (എംഎസ്.) നമ്പർ 178/2015/ഡിഎംഡി, തീയതി 22-6-2015-ലെ ജി.ഒ. (എംഎസ്.) നമ്പർ 266/2015/ഡിഎംഡി എന്നീ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്

(സി) തമ്പാനൂർ ഭാഗത്ത് നിരന്തരം ഉണ്ടാകുന്ന അനിയന്ത്രിത വെള്ളപ്പൊക്കം പരിഹരിക്കുന്നതിന് 'ഓപ്പറേഷൻ അനന്ത' നടപ്പിലാക്കുന്നതിനായി 29-4-2015-ലെ

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിസഭായോഗ തീരുമാന പ്രകാരവും 6-5-2015-ലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ് നടപടി കൈക്കൊണ്ടത്.

(ഡി) വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. പഴവങ്ങാടിയിൽനിന്നും തെക്കുംകര കനാൽവരെനിലുന്ന ഓടകൾക്ക് മുകളിലുള്ള കൈയ്യേറ്റം, തമ്പാനൂരിലെ കനാലുകൾക്ക് മുകളിലുള്ള അനധികൃത നിർമ്മാണം എന്നിവ പൊളിച്ചുമാറ്റുന്നതിന് തീരുമാനിച്ചു. കരിമഠം കുളം desilt ചെയ്ത് ഉപയോഗപ്രദമാക്കുക, കുര്യാത്തി എൽ.പി.എസ്.-ൽനിന്നും തെക്കോട്ട് കരിമഠം കോളനിയിലേയ്ക്കുള്ള പ്രവേശന മാർഗ്ഗത്തിലുള്ള ചെറിയ ഓട വലുതാക്കി കരിമഠം കോളനിയുടെ outlet വരെ ഓട നിർമ്മിക്കുക. കരിമഠം കോളനിയുടെ സമഗ്രവികസനം ബി.എസ്.യു.പി.യിൽ ഉൾപ്പെടുത്തി അക്രഡിറ്റഡ് ഏജൻസിയായ M/s Costford മുഖേന നടപ്പിലാക്കിവരികയാണ്. പൊന്നറ ശ്രീധർ പാർക്കിംഗ് ഗ്രൗണ്ടിന് ചുറ്റും മഴവെള്ളസംഭരണി നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

2. ഓപ്പറേഷൻ അനന്തയുടെ തുടർപ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട നഗരകാര്യ ന്യൂനപക്ഷക്ഷേമ വകുപ്പുമന്ത്രി, ആരോഗ്യ-ദേവസ്വം വകുപ്പ് മന്ത്രി എന്നിവർ അവലോകനം ചെയ്യുന്നതാണ്.

3. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് ഉപദേശം നൽകുന്നതിനായി ന്യൂഡൽഹിയിലെ ഇൻഫർമേഷൻ ടെക്നോളജി റിസർച്ച് അക്കാഡമിയിലെ തലവനായ ഡോ. ആർ. കെ. ദാവെയുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

4. റോഡരികിലെ ഓടകൾ ചെളികോരി വൃത്തിയാക്കുന്നതിനും ഓടകളിലും പരിസര പ്രദേശത്തും കെട്ടിക്കിടക്കുന്ന ഖരമാലിന്യങ്ങളും ഉപയോഗശൂന്യവും പഴകി ദ്രവിച്ചതുമായ വാഹനങ്ങളെയും നീക്കംചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പൊളിത്തിയുള്ള വീടുകളുടെ പുതുക്കി നിർമ്മാണം

114 (1483) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പൊളിത്തിയുള്ള വീടുകൾ പുതുക്കി നർമ്മിക്കുമ്പോൾ പൊളിത്തിയിൽനിന്നും എത്ര അകലം വിട്ടാണ് പുതിയ കെട്ടിടം നിർമ്മിക്കേണ്ടത് ;

(ബി) പ്രസ്തുത ദൂരം കുറയ്ക്കുന്നത് പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly